**KERALA POLICE INFORMATION CENTRE**
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.62/PR/PIC/PHQ/17 Date : 25.03.2017

**സംസ്ഥാന വ്യാപകമായി ആന്റിപൈറസി സെൽ നടത്തിയ റെയ്ഡിൽ 14 പേർ അറസ്റ്റിൽ**

ആന്റിപൈറസി സെൽ സംസ്ഥാനതലത്തിൽ വ്യാജ സിഡി/ഡിവിഡി കണ്ടെത്തുന്നതിന് നടത്തിയ പരിശോധനയിൽ 14 പേർ അറസ്റ്റിലായി. തിരുവനന്തപുരം ജില്ലയിൽ കല്ലറ ക്യൂൻസ് മൊബൈൽ ഷോപ്പുടമ അൽ അമീൻ, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ കെ.എം. സൺസ് ഷോപ്പുടമ ഭഗത് എ സലാം, കരുനാഗപ്പള്ളി എൻ.എസ്.എസ് സ്കൂളിന് സമീപം വ്യാജ സി.ഡി വ്യാപാരം നടത്തുന്ന സാബു, പത്തനംതിട്ട ജില്ലയിൽ റാന്നി ഇട്ടിയപ്പാറ ബസ് സ്റ്റാന്റിന് സമീപം അപ്പൂസ് ഷോപ്പുടമ ജിജി മോൻ, അടൂർ ഏഴുംകുളം ചോയിസ് മൊബൈൽസ് ഷോപ്പുടമ നിയാസ് ഖാൻ, കോട്ടയം ജില്ലയിൽ മണിമല ഒമേഗ മൊബൈൽസ് ഷോപ്പുടമ ടോണി ഈസൻ, പൊൻകുന്നം ന്യൂ ടെക് ഇലക്ട്രോണിക് ഷോപ്പുടമ അഫ്സൽ ഹനീഫ്, പ്രിൻസ് മാത്യു, തെങ്ങണ സെന്ററിൽ അമ്മ്യൂസ് കമ്മ്യൂണിക്കേഷൻസ് ഷോപ്പുടമ സന്തോഷ് കുമാർ, ഈരാറ്റുപേട്ട ഫ്രീഡം ഷോപ്പുടമ അഷ്റഫ്, മണർക്കാട് ഫോണക്റ്റ് മൊബൈൽ ഷോപ്പുടമ റോഷൻ തോമസ്, കഞ്ഞിക്കുഴി മുട്ടമ്പലം നന്ദനം ഷോപ്പുടമ ഹരികുമാർ, പാലാ കുരുശുപള്ളി ജംഗ്ഷനിൽ സിറ്റി ഇലക്ട്രോണിക്സ് ഷോപ്പുടമ ഹരിചന്ദ്ര ബോസ്, ആലപ്പുഴ ജില്ലയിൽ തൃക്കുന്ന പുഴയിൽ ഗാനമാലിക ഇന്റർനെറ്റ് കഫേ ഷോപ്പുടമ റോയി, ഹരിപ്പാട് ഗായൽ മ്യൂസിക് & വീഡിയോ ഷോപ്പുടമ മുഹമ്മദ് സജീദ് എന്നിവരാണ് അറസ്റ്റിലായത്.

ഇവരിൽ നിന്നും പുതിയ മലയാള സിനിമകളുടെ ശേഖരവും ഇവ കോപ്പി ചെയ്യാൻ ഉപയോഗിച്ച കമ്പ്യൂട്ടറുകൾ, എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്കുകൾ, മെമ്മറി കാർഡുകൾ, പെൻഡ്രൈവുകൾ എന്നിവയും പോലീസ് കണ്ടെടുത്തു.

ആന്റിപൈറസി സെൽ പോലീസ് സൂപ്രണ്ട് ബി.കെ പ്രശാന്തന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ആന്റിപൈറസി സെൽ ഡിവൈ.എസ്.പി. എം.ഇക്ബാൽ, ഡിറ്റക്ടീവ് ഇൻസ്പെക്ടർ സുഭാഷ് ചന്ദ്രബാബു, ഡിറ്റക്ടീവ് സബ് ഇൻസ്പെക്ടർമാരായ ജിംസ്റ്റൺ, രതീഷ്, രൂപേഷ് കുമാർ.ജെ.ആർ, സിവിൽ പോലീസ് ഓഫീസർമാരായ സ്റ്റെർലിൻ രാജ്, സജി, ബെന്നി, അജയൻ, സുബീഷ്, എന്നിവരും കൂടാതെ വിവിധ ലോക്കൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ.മാരും പോലീസുദ്യോഗസ്ഥരും പരിശോധനയിൽ പങ്കെടുത്തു.